(ബി) പദ്ധതി നടപ്പിലാക്കാനാവശ്യമായ തുക ഏതെല്ലാം നിലയിൽ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത് ; ഇതേ നിലയിൽ ഫണ്ട് സ്വരൂപിച്ചുകൊണ്ട് പദ്ധതി പൂർണ്ണമായും സർക്കാർ സ്വന്തമായി വികസിപ്പിച്ചെടുക്കാൻ തയ്യാറാകാതിരുന്നതിന്റെ സാമ്പത്തിക കാരണങ്ങൾ എന്തായിരുന്നു ; വിശദമാക്കാമോ ?

ഉത്തരം

(എ) ഇക്കൊല്ലത്തെ ബഡ്ജറ്റിൽ വൻകിട ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ടുകൾക്കായി മൊത്തം 2000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ധനകാര്യവകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ വിഴിഞ്ഞം തുറമുഖത്തിനായി 600 കോടി രൂപ നീക്കിവയ്ക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ തുകയിൽ റെയിൽവേക്കായുള്ള ഭൂമിയും പദ്ധതിയ്ക്കായുള്ള അധികഭൂമിയും വാങ്ങുന്നതിനായി 450 കോടി രൂപയും സർക്കാർ ചെലവിൽ നിർമ്മിക്കേണ്ട ബ്രേക്ക് വാട്ടർ നിർമ്മാണത്തിനായി 150 കോടി രൂപയും ചെലവഴിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) വിഴിഞ്ഞം പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ചെലവഴിക്കേണ്ട തുക ബാങ്കുകളുടെ കൺസോർഷ്യം, ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ എന്നിവയിൽനിന്നും സ്വരൂപിക്കാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. പൂർണ്ണമായും സർക്കാർ ചെലവിലല്ലാതെ പി.പി.പി. ഘടകങ്ങളോടുകൂടിയ ലാന്റ് ലോർഡ് മോഡൽ പ്രകാരം കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടോടുകൂടി പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഏറ്റവും പ്രായോഗികമായ മോഡലായി സർക്കാർ ഇത് തീരുമാനിച്ചത് വിവിധ സാമ്പത്തിക മോഡലുകളുടെ വിശദമായ പഠനത്തിനും അവലോകനത്തിനും ശേഷമാണ്.

വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ടുള്ള തസ്തികകളിലേക്ക് നിയമനം

90 (4425) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് പ്രൊട്ടക്ഷൻ കൗൺസിൽ, രജിസ്റ്റർ നമ്പർ-T.1144/2011, കാഞ്ഞിരംകുളം പി.ഒ., തിരുവനന്തപുരം എന്ന സംഘടനയെ വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ടുള്ള തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ, ചുമതലപ്പെടുത്തിയിട്ടുണ്ടെന്നവകാശപ്പെട്ട് ടി സംഘടനയിലെ ചില ഭാരവാഹികൾ ഉദ്യോഗാർത്ഥികൾക്ക് ജോലി വാഗ്ദാനം നൽകി പണം പിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ ഇതിനെതിരെ എന്ത നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചുമതലപ്പെടുത്തിയിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

പോർട്ട് മണൽ ബുക്കിംഗ്

91 (4426) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പോർട്ട് മണൽ ബുക്കിംഗിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സാധാരണക്കാർ ഓൺലൈനായി ബുക്ക് ചെയ്യുമ്പോൾ കിട്ടാത്ത അവസ്ഥയും എന്നാൽ ഇഷ്ടപ്പെട്ടവർക്ക് യഥേഷ്ടം ബുക്കിംഗ് അനുവദിക്കുന്നതുമായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതുസംബന്ധിച്ച് അന്വേഷണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ&ബി) മണൽ ബുക്കിംഗിൽ ക്രമക്കേടുകൾ നടക്കുന്നതായുള്ള പരാതികൾ ലഭിക്കാറുണ്ട്. എന്നാൽ ഓൺലൈൻ ബുക്കിംഗ് നടപ്പിലാക്കിയതോടുകൂടി ക്രമക്കേടുകൾ നടത്തുന്നതിനുള്ള സാഹചര്യം ഒഴിവായിട്ടുണ്ട്. ഓൺലൈൻ സമ്പ്രദായം വഴി മണൽ ബുക്ക് ചെയ്യുമ്പോൾ പോർട്ടോഫീസുകളോ ഉദ്യോഗസ്ഥരോ നേരിട്ടിടപെടേണ്ടതായ സാഹചര്യമില്ല. ഇന്റർനെറ്റ് കണക്ഷനുള്ള കമ്പ്യൂട്ടർ, സ്കാനർ എന്നീ സംവിധാനങ്ങളുള്ള ഏതൊരു വ്യക്തിക്കും സ്ഥാപനത്തിനും നിഷ്കർഷിതമായ രേഖകളുടെ അടിസ്ഥാനത്തിലും യോഗ്യതയിലും 24 മണിക്കൂറും മണൽ ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാണ്. അപ്ലോഡ് ചെയ്യപ്പെട്ട പ്രമാണങ്ങളുടെ ആധികാരികത കമ്പ്യൂട്ടർ തന്നെ വിലയിരുത്തുന്നു. ഇതുവഴി, ഡ്യൂപ്ലിക്കേഷൻ മുതലായവ തടയപ്പെടുന്നു. ആയതിനാൽ ഒരാൾക്കും യഥേഷ്ടം ബുക്ക് ചെയ്യുന്നതിനുള്ള സാഹചര്യം നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly